Email:
**contact.seckerala@gmail.com**
**cru.sec@kerala.gov.in**

# വാർത്താക്കുറിപ്പ്

TELEPHONE: 0471-2328158
MOBILE : 8281000127

**www.sec.kerala.gov.in**

**കേരള സംസ്ഥാന തിരഞ്ഞെടുപ്പ് കമ്മീഷൻ**

**26th March 2024**

## ഇലക്ഷൻ കമ്മീഷൻ ഓഫ് ഇന്ത്യയും സംസ്ഥാന തിരഞ്ഞെടുപ്പ് കമ്മീഷനും രണ്ട് വ്യത്യസ്ത ഭരണഘടനാ സ്ഥാപനങ്ങൾ

സംസ്ഥാനത്തെ 1200 തദ്ദേശ സ്ഥാപനങ്ങളിലെ 21,900 നിയോജകമണ്ഡലങ്ങളിലേക്കുള്ള തിരഞ്ഞെടുപ്പ് ചുമതല സംസ്ഥാന തിരഞ്ഞെടുപ്പ് കമ്മീഷനും 20 ലോകസഭാ മണ്ഡലങ്ങളിലേക്കുള്ള തിരഞ്ഞെടുപ്പ് ചുമതല കേന്ദ്രതിരഞ്ഞെടുപ്പ് കമ്മീഷനുമാണ്.

രണ്ട് കമ്മീഷനുകളും ഭരണഘടനാ സ്ഥാപനങ്ങളാണ്. വോട്ടർപട്ടിക തയ്യാറാക്കുന്നതിനും തിരഞ്ഞെടുപ്പ് നടത്തുന്നതിനും സമാന അധികാരമാണുള്ളത്. ജില്ലാതലത്തിൽ ജില്ലാ കളക്ടർമാരാണ് രണ്ട് കമ്മീഷന്റെയും ജില്ലാ തിരഞ്ഞെടുപ്പ് ഉദ്യോഗസ്ഥർ. കേന്ദ്ര തിരഞ്ഞെടുപ്പ് കമ്മീഷന്റെ തിരഞ്ഞെടുപ്പ് ചുമതലകൾ സംസ്ഥാനത്ത് നിർവ്വഹിക്കുന്നത് ചീഫ് ഇലക്ടറൽ ഓഫീസർ (സി.ഇ.ഒ) ആണ്.

സംസ്ഥാന തിരഞ്ഞെടുപ്പ് കമ്മീഷന്റെ വെബ്സൈറ്റ് www.sec.kerala.gov.in ആണ്. വിലാസം : സംസ്ഥാനതിരഞ്ഞെടുപ്പ് കമ്മീഷൻ, ജനഹിതം, വികാസ്ഭവൻ, തിരുവനന്തപുരം 695033

സംസ്ഥാനത്തെ ചീഫ് ഇലക്ടറൽ ഓഫീസറുടെ വിലാസം: ചീഫ് ഇലക്ടറൽ ഓഫീസർ, നിയമസഭാ കോംപ്ളെക്സ് , തിരുവനന്തുപരും. ലോക്സഭതിരഞ്ഞെടുപ്പുമായി ബന്ധപ്പെട്ട വിവരങ്ങൾക്ക് eci.gov.in , ceo.kerala.gov.in വെബ്സൈറ്റുകൾ സന്ദർശിക്കാം. പൊതുജനങ്ങൾക്ക് ലോക്സഭാ തിരഞ്ഞെടുപ്പ് സംബന്ധിച്ച വിവരങ്ങൾ അറിയുന്നതിന് കോൾ സെന്ററുകളിൽ ബന്ധപ്പെടാം.

ജില്ലകളിൽ 1950 എന്ന നമ്പരിലും ചീഫ് ഇലക്ടറൽ ഓഫീസിൽ 1800 425 1965 എന്ന നമ്പറിലും ബന്ധപ്പെടാവുന്നതാണ്.

ലോക്സഭാ തിരഞ്ഞെടുപ്പുമായി ബന്ധപ്പെട്ട് നിരവധി അന്വേഷണങ്ങൾ സംസ്ഥാനതിരഞ്ഞെടുപ്പ് കമ്മീഷൻ ഓഫീസിൽ വരുന്നതിന്നാലാണ് ഈ വിശദീകരണമെന്ന് സംസ്ഥാന തിരഞ്ഞെടുപ്പ് കമ്മീഷൻ അറിയിച്ചു.

(എസ്.ഇ.സി 10/2024 )